പ്രവർത്തിക്കായി അനുമതി നൽകിയിട്ടുണ്ട്. ഇതിൽ ആകെ 8 പാക്കേജ് ഉള്ളതിൽ പാക്കേജ് IV, VI എന്നിവയുടെ വർക്കുകൾ ആരംഭിച്ചിട്ടുണ്ട്. ബാക്കി 6 വർക്കുകൾ അവാർഡ് ചെയ്തെങ്കിലും എൻ.ഐ.റ്റി. പ്രകാരം പെർഫോർമൻസ് ഗാരന്റി വയ്ക്കേണ്ടതിനാൽ കോൺട്രാക്ടർമാർ എഗ്രിമെന്റ് വച്ചിട്ടില്ല. പെർഫോർമൻസ് ഗാരന്റി ഒഴിവാക്കി കിട്ടുന്നതിന് പ്രസ്തുത കരാറുകാർ വാട്ടർ അതോറിറ്റിയെ സമീപിച്ചിരിക്കുകയാണ്. പ്രസ്തുത വിഷയം പരിശോധിച്ചുവരുന്നു. ടി വിഷയം പരിഹരിച്ച് കരാറുകാർ എഗ്രിമെന്റ് വച്ചുകഴിഞ്ഞാൽ 9 മാസത്തിനകം വർക്ക് പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

ജലഗുണനിലവാര പരിശോധനയ്ക്കായി ലാബുകൾ

178 (4981) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റിയിൽ ജലഗുണനിലവാര പരിശോധനയ്ക്കായുള്ള ലാബുകളുടെ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളാ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയാണ് ഇതിന്റെ ലക്ഷ്യം.

(സി) കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ക്വാളിറ്റി കൺട്രോൾ വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിശ്ചിത സമയങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് കേരളാ വാട്ടർ അതോറിറ്റിയുടെ പരിശോധനാ ലാബുകളിൽ ഇൻഡ്യൻ സ്റ്റാൻഡേർഡ് അനുശാസിക്കുന്നരീതിയിൽ ഗുണനിലവാര പരിശോധന നടത്തി പരിശോധനാഫലം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചുവരുന്നുണ്ട്. ഇപ്രകാരം പ്രവൃത്തിക്കുന്ന 14 ജില്ലാതല ലാബുകൾ വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റിയുടെ കീഴിൽ ഉണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ നെട്ടൂരിൽ ഒരു സംസ്ഥാന ലാബും പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ എസ്.എൽ. എസ്. എസ്. സി.-യിൽ 50 സബ് ഡിവിഷണൽ ലാബുകൾ ആരംഭിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇതിൽ 19 എണ്ണം പ്രവർത്തനം ആരംഭിക്കുകയും ബാക്കി 34 എണ്ണം തുടങ്ങുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ ജനസംഖ്യയിൽ 200 പേർക്ക് ഒരു കടിവെള്ള സാമ്പിൾ എന്ന് എൻ.ആർ.ഡി.ഡബ്ല്യു.പി. നിഷ്കർഷിക്കുന്ന കണക്കു പ്രകാരമാണ് ഈ പുതിയ ലാബുകൾ ആരംഭിക്കുന്നത്. കൂടാതെ കേന്ദ്ര സർക്കാരിന്റെ നാഷണൽ റൂറൽ ഡ്രിങ്കിങ് വാട്ടർ പ്രോഗ്രാമിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ ജില്ലാതല ലാബുകളിലും സബ് ഡിവിഷണൽ ലാബുകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളിലെ ഉദ്യോഗസ്ഥർ സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിലെ കിണറുകളിലും ട്യൂബ് വെല്ലുകളിലും നിന്നും മറ്റും സാമ്പിളുകൾ ശേഖരിച്ച് ആവയുടെ ഗുണനിലവാരം പരിശോധിച്ച് പരിശോധനാഫലം പ്രസിദ്ധീകരിക്കാറുണ്ട്. കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രമാക്കി പുതിയ 3 മൊബൈൽ ലാബുകൾ, തുടങ്ങാനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്.

കൊട്ടാരക്കര ശുദ്ധജല വിതരണ പദ്ധതികൾ

179 (4982) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള ശുദ്ധജല വിതരണ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി എന്താണ് ;

(സി) ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിന് മണ്ഡലത്തിൽ നിലവിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ പുവടെ ചേർക്കുന്ന 6 ശുദ്ധജല വിതരണ പദ്ധതികൾ നടപ്പിലാക്കുകയുണ്ടായി: